''ഭരണഭാഷ - മാതൃഭാഷ''

**വളരെ അടിയന്തിരം**

# വ്യാവസായിക പരിശീലന വകുപ്പ്
## (കേരള സംസ്ഥാനം)

നമ്പർ: ജി1/6661/16

ചാക്ക, തിരുവനന്തപുരം
തീയതി: 26.07.2016

## ചുറ്ററിയിപ്പ്

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ്- അഖിലേന്ത്യാ ട്രേഡ് ടെസ്റ്റ് ജൂലൈ 2016 - എം.ഐ.എസ് പോർട്ടൽ മുഖേനയുള്ള ഹാൾടിക്കറ്റുകളുടെ വിതരണം - സംബന്ധിച്ച്.

----------

അഖിലേന്ത്യാ ട്രേഡ് ടെസ്റ്റ് ജൂലൈ 2016 പരീക്ഷ എഴുതുന്നതിന് അപേക്ഷ സമർപ്പിച്ചതും എം.ഐ.എസ് പോർട്ടൽ മുഖേന എൻട്രി വരുത്തി പരീക്ഷ എഴുതേണ്ടതുമായ ട്രെയിനികളുടെ ഹാൾടിക്കറ്റ് വിതരണം സംബന്ധിച്ച് ചുവടെ കാണിച്ചിട്ടുള്ള കാര്യങ്ങൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

1) എം.ഐ.എസ് പോർട്ടൽ മുഖേന എൻട്രോൾ ചെയ്ത് പരീക്ഷ എഴുതേണ്ട ട്രെയിനിക്കൾക്കെല്ലാം തന്നെ എം.ഐ.എസ് പോർട്ടൽ മുഖാന്തിരം ഹാൾടിക്കറ്റ് ലഭിച്ചിട്ടുണ്ടെന്ന് എല്ലാ സ്ഥാപനമേധാവികളും പരിശോധിച്ച് ഉറപ്പാക്കേണ്ടതാണ്.
2) തങ്ങളുടെ അധീനതയിൽ വരുന്ന പ്രൈവറ്റ് സ്ഥാപനങ്ങളിലെ ട്രെയിനികളുടെ ഹാൾടിക്കറ്റുകളിൽ ബന്ധപ്പെട്ട രേഖകൾ സഹിതം പരിശോധിച്ച് മേലൊപ്പ് ചാർത്തിയിട്ടുണ്ടെന്ന് നോഡൽ പ്രിൻസിപ്പാൾമാരും പരിശോധിച്ച് ഉറപ്പാക്കേണ്ടതാണ്.
3) എഴുത്ത് പരീക്ഷകൾ ആരംഭിക്കുന്നതിന് മുമ്പായി എം.ഐ.എസ് പോർട്ടലിൽ നിന്നും ഹാൾടിക്കറ്റുകൾ എല്ലാം തന്നെ ലഭിച്ചിട്ടുണ്ടെന്ന് എല്ലാ സ്ഥാപനമേധാവികളും ഉറപ്പാക്കേണ്ടതാണ്.
4) എം.ഐ.എസ്. പോർട്ടൽ മുഖേന ജനറേറ്റ് ചെയ്തതും നോഡൽ പ്രിൻസിപ്പാൾമാർ മേലൊപ്പ് ചാർത്തിയതുമായ ഹാൾടിക്കറ്റുകളുമായി ഹാജരാകുന്ന ട്രെയിനികളെ മാത്രമേ പരീക്ഷ എഴുതിപ്പിക്കുകയുള്ളൂ.
5) ഫീ സ്റ്റാറ്റസ്, സെഷണൽ മാർക്ക്, ഹാജർ വിവരങ്ങൾ എന്നിവ പോർട്ടലിൽ രേഖപ്പെടുത്താത്ത കാരണത്താൽ ട്രെയിനികൾക്ക് ഹാൾടിക്കറ്റ് ലഭിക്കാതെ വരുന്ന സാഹചര്യത്തിന് അതത് സ്ഥാപനമേധാവികൾക്ക് മാത്രമായിരിക്കും ഉത്തരവാദിത്തം.

ട്രെയിനിംഗ് ഡയറക്ടർക്കു വേണ്ടി

എല്ലാ ഗവ./എസ്.സി.ഡി.ഡി./എസ്.റ്റി.ഡി.ഡി./സ്വകാര്യ ഐ.ടി.ഐ പ്രിൻസിപ്പാൾമാർക്കും

പകർപ്പ്:- വകുപ്പ് വെബ്സൈറ്റിലേക്ക്

എസ്സ്/27.07